"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പിന്റെ ആസ്ഥാന ഓഫീസിലേയ്ക്ക് ഒരു ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങുന്നതിന് 14,30,000/- രൂപ '2217-80-001-99-00-21-1' എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ).നം.569/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/03/2020

---

പരാമർശം:- (1) നഗരകാര്യ ഡയറക്ടറുടെ 17.09.2019-ലെ എഫ്1-19019/2019 നമ്പർ കത്ത്.

(2) സ.ഉ.(കൈ)നം.18/2020/തസ്വഭവ തീയതി 23.01.2020.

(3) നഗരകാര്യ ഡയറക്ടറുടെ 07.02.2020, 11.02.2020 തീയതികളിലെ എഫ്1-1976/2020 നമ്പർ കത്ത്.

(4) സ.ഉ(സാധാ).1691/2020/ഫിൻ തീയതി 28.02.2020.

## ഉത്തരവ്

നഗരകാര്യ വകുപ്പിന്റെ ആസ്ഥാന ഓഫീസിലും മേഖലാ ജോയിന്റ് ഡയറക്ടേറ്റിലും ഓരോ പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, സബ്ജക്ട് കമ്മിറ്റി IX (തദ്ദേശസ്വയംഭരണവും, ഗ്രാമവികസനം, ഭവനനിർമ്മാണം)-ന്റെ 2019-20 വർഷത്തെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ചുള്ള നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 18 പ്രകാരം "2217-80-001-99-00-21-1 നഗരകാര്യ വകുപ്പിലേയ്ക്ക് വാഹനം വാങ്ങൽ" എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. അതിൻപ്രകാരം പരാമർശം (2)-ലെ ഉത്തരവ് പ്രകാരം നഗരകാര്യ വകുപ്പിന്റെ ആസ്ഥാന ഓഫീസിലേയ്ക്ക് ഒരു ഇന്നോവ ക്രിസ്റ്റ വാഹനം ജെമ്മിലൂടെ വാങ്ങുന്നതിന് 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. പരാമർശം (3) പ്രകാരം, ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങുന്നതിനായി, '2217-80-001-99-21-1' എന്ന ശീർഷകത്തിൽ 14,30,000/- രൂപ (പതിനാലു ലക്ഷത്തി

മുപ്പതിനായിരം രൂപ മാത്രം)യുടെ അധികധനാനുമതിയ്ക്കായി നഗരകാര്യ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുയും പരാമർശം (4)-ലെ ഉത്തരവ് പ്രകാരം '2217-80-001-99-21-1' എന്ന ശീർഷകത്തിൽ 14,30,000/- രൂപ (പതിനാല്ല ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ നഗരകാര്യ വകുപ്പിന്റെ ആസ്ഥാന ഓഫീസിലേയ്ക്ക് ഒരു ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങുന്നതിന് 14,30,000/- രൂപ (പതിനാല്ല ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) '2217-80-001-99-21-1' എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത തുക re-appropriation മുഖേന regularise ചെയ്യുന്നതിനുള്ള നടപടി നഗരകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ജി.എസ്.എസ്.എ) / (ഇ.ആർ.എസ്.എ.),
കേരള തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (Dev-3/162/2019-Fin dated 02.03.2020)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SMITHA B CHANDRA
Date: 2020.03.06 [illegible]:18 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.